


വിദ്യാഭ്യാസ അവകാശം

സർവ ശിക്ഷാ അഭിയാൻ

സർവരും പഠിക്കുക സർവരും വളരുക

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

## AMLPS KUTTALOOR



# എന്റെ സ്കൂൾ അന്നും ഇന്നും

# ആമുഖം

## എന്റെ സ്കൂൾ അന്നും ഇന്നും

## എ.എം.എൽ.പി. സ്കൂൾ കുറ്റാളൂർ

1931-ൽ ഉദയം കൊണ്ട് ഈ സ്ഥാപനം [എ.എം.എൽ.പി. സ്കൂൾ കുറ്റാളൂർ] ഈ പ്രദേശത്തിന്റെ മുഴുവൻ മേഖലയെയും തൊട്ടുണർത്തിയിട്ടുണ്ട്. കൃത്യമായി പറഞ്ഞാൽ, ഈ സ്കൂളിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ ജനങ്ങളുടെയും ആദ്യാക്ഷരത്തിന്റെ ശ്രീകോവിലായിരുന്നു ഇത്. അതുകൊണ്ട് തന്നെ ഇന്നും പലരും പറയുന്നു, സ്കൂളിന്റെ പൈതൃക കഥകൾ വിവരിക്കാനാണെങ്കിൽ ഒരുപാട് ഒരുപാടുണ്ടെന്ന്. പഠനമേഖലയിൽ ഒന്നുമല്ലാത്ത ഒരു നാട്ടുമ്പുറത്തെ, യാതൊരു ലാഭേച്ഛയും പ്രതീക്ഷിക്കാതെ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും സാംസ്കാരിക സാമൂഹിക പുരോഗതി കൈവരിക്കാനാവണമെങ്കിൽ അക്ഷര വെളിച്ചം ഉദിക്കണമെന്ന സ്വപ്നം കണ്ടുകൊണ്ടാണ് പ്രദേശത്തെ പൗരപ്രമുഖനും ധനാഢ്യനും മനുഷ്യസ്നേഹിയുമായ നമ്മുടെ ഇപ്പോഴത്തെ സ്കൂൾ മാനേജർ വല്ല്യാപ്പുഹാജിയുടെ ഉപ്പകൂടിയായ കുണ്ടുപുഴക്കൽ ഖാദർ കുട്ടി ഹാജി ഈ സ്ഥാപനം പടുത്തുയർത്തിയത്. അദ്ദേഹം ഈ സ്കൂളിലെ അധ്യാപകനും പ്രധാനാധ്യാപകനുമായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഓത്ത് പള്ളിക്കൂടം എന്ന നിലയിലായിരുന്നു പോലും ഈ സ്കൂളിന്റെ തുടക്കം. അതായത്, മതപഠനവും ഭൗതിക പഠനവും ഒന്നിച്ച് നടത്തുന്ന രീതി. തുടക്കത്തിൽ ഈ സ്ഥാപനം കെട്ടിപ്പടുത്തുയർത്തിയ പലരും ഇന്ന് മൺ മറഞ്ഞു പോയിരിക്കുന്നു. അവരെ ദീപ്തമായി സ്മരിച്ചുകൊണ്ട് തുടങ്ങാം...

മലപ്പുറം ജില്ലയിലെ തനി ഗ്രാമീണ മേഖലയായിരുന്നു വേങ്ങരയും സമീപ പ്രദേശങ്ങളും. ഇന്നു നാം കാണുന്ന റോഡ് സൗകര്യങ്ങളും പ്രധാന കെട്ടിട സമുച്ചയങ്ങളും വർണാഭമായ ഷോപ്പിംഗ് മാളുകളും പാലങ്ങളും കൈവരികളും സ്വപ്നത്തിൽ പോലുമില്ലാത്ത പച്ച മണ്ണിനെയും പച്ച മനുഷ്യനെയും സ്നേഹിച്ച് പ്രാർത്ഥനാ മന്ത്രഗീതങ്ങൾ മാത്രം ഉരുവിട്ടിരുന്ന നല്ലവരിൽ നല്ലവരായ മനുഷ്യ കോലങ്ങൾ ഇതായിരുന്നു ഈ നാട്ടിലെ ആളുകളുടെ അവസ്ഥ. എന്നാൽ, അവർക്ക് വിദ്യാഭ്യാസം എന്താണെന്നോ അത് കൊണ്ട് സമൂഹത്തിൽ എന്തു പുരോഗതി കൈവരിക്കാമെന്ന അറിവോ തിരിച്ചറിവോ ഉണ്ടായിരുന്നില്ല. അതു കൊണ്ടു തന്നെ സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുവരുന്ന വലിയ ജോലിയായിരുന്നു പൂർവ്വസൂരികളായ അന്നത്തെ അധ്യാപകരുടെ വലിയ ദൗത്യം.

ഇന്നു നമ്മൾ കാണുന്ന തരത്തിൽ കണ്ണഞ്ചിപ്പിക്കുന്ന വെണ്മയുള്ള ഷർട്ടും പാന്റും, ചുരിദാറുമൊന്നുമല്ല അവരുടെ വസ്ത്രം, ഒരു കള്ളിമുണ്ടും ഷർട്ടും അതു തന്നെ കീറിത്തുടങ്ങിയതും അലക്കിത്തേക്കാത്ത, പുള്ളിയും കള്ളിയും ഉടുപ്പിട്ടുവരുന്ന കൊച്ച് സുന്ദരികളും സുന്ദരന്മാരും ഇതായിരുന്നു പത്ത് മുപ്പത് കൊല്ലം മുമ്പുള്ള ഈ സ്ഥാപനത്തിന്റെ ചിത്രം. അതിനു ശേഷം നാട്ടിൽ പുരോഗതി പ്രാപിച്ചു വന്നു. എല്ലാ മേഖലയും പുരോഗതി കൈവരിക്കാൻ തുടങ്ങി. അതോടുകൂടി സ്കൂളിൽ കുട്ടികൾ വന്ന് തുടങ്ങി. പി.കെ.ഇ.ആറിൽ കെട്ടിടം തുടങ്ങിയ ഈ സ്ഥാപനം കൂടുതൽ ക്ലാസുകൾ കൂട്ടിച്ചേർത്ത് പ്രവർത്തിച്ച് പോരുന്നു...

കല്ല്യാണം, കുടിയിരിക്കൽ, മുടികളച്ചിൽ, വിരുന്ന്, തേട്ടം എന്നിങ്ങനെ പരിപാടികളിൽ മുഴുകിയിരുന്ന കുട്ടികളായിരുന്നു കുറ്റാളൂരിലെ മൺവിളക്കുകൾ. ഇന്ന്, ഇത്തരത്തിലുള്ള ആഘോഷങ്ങളിൽ പങ്കുകൊള്ളാൻ കുട്ടികൾക്ക് താല്പര്യമില്ലാത്തതിനാൽ ആഘോഷങ്ങൾക്ക് വലിയ  പൊലിമയൊന്നുമില്ല. അതിന്റെ പ്രധാന കാരണം 'ഭക്ഷണം' തന്നെയാണ്. അന്നൊക്കെ വിശപ്പകറ്റാൻ വേണ്ടി ലഭിക്കുന്ന സുദിനങ്ങളായിരുന്നു അവയെല്ലാം. നാട്ടിലെ പട്ടിണി പ്രാരാബ്ധം മാറിയതോടുകൂടി വിദ്യാഭ്യാസത്തിലും കാതലായ മാറ്റം വന്നു തുടങ്ങിയെന്നതാണ് പരമയാഥാർത്ഥ്യം.

'വിദ്യാഭ്യാസ അവകാശ നിയമം' പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാ

സം കുട്ടികളുടെ അവകാശമായി മാറി. എല്ലാ വിഭാഗം കുട്ടികൾക്കും പഠനം ഉറപ്പുവരുത്തുക എന്നതാണു പ്രധാന ലക്ഷ്യം. ഇന്നു നമുക്ക് ചുമുള്ളത്, പൊതുവിദ്യാലയങ്ങളെ തച്ചുടച്ചുകൊണ്ട് അറിവു വാർക്കുന്ന മതമേലാളന്മാർ നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണ്. അവിടങ്ങളിൽ നമുക്ക് ദർശിക്കാനാവുന്നത്. ഹിന്ദുവിന്റെ സ്കൂളിൽ ഹിന്ദുവിനം, ക്രൈസ്തവന്റെ സ്കൂളിൽ ക്രൈസ്തവനം, മുസൽമാന്റെ സ്കൂളിൽ മുസൽമാനം എന്ന ജാതി-മത ഉച്ചനീചത്വങ്ങളെയാണ്. ഇത്തരത്തിൽ, ജാതിമത അതിർവരമ്പുകൾ തീർത്ത, കണ്ണഞ്ചിപ്പിക്കുന്ന സൗകര്യങ്ങളോടുകൂടിയ വിദ്യഭ്യാസ സ്ഥാപനങ്ങളിലേക്കു അയക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് എങ്ങനെയാണ് നാം എല്ലാവരും ഒരമ്മ പെറ്റ മക്കളാണെന്നും ഭാരതമാതാ കീജയ് എന്നും ആത്മാർത്ഥമായി വിളിക്കാൻ കഴിയുക. ഒന്നു ചിന്തിച്ചു നോക്കൂ...

വിദ്യഭ്യാസത്തിലെ കാലോചിതമായ മാറ്റം സമൂഹവും ഏറ്റെടുത്തിരിക്കുന്നു. മുമ്പ് നാം കണ്ടിട്ടില്ലാത്ത തരത്തിലുള്ള ഇടപെടലുകളാണ് സമൂഹം ഇന്ന് സ്കൂളിൽ നടത്തുന്നത്. കാരണം ഓരോ സ്കൂളും ഓരോ പ്രദേശത്തിന്റെ, വിജ്ഞാനത്തിന്റെ വിളക്കുമാടങ്ങളാണ് എന്ന ബോധം അവർ കൈവെച്ചിരിക്കുന്നു. അത് സ്കൂളിന്റെ ക്രിയാത്മകമായ ചലനശേഷിയെ തൊട്ടുണർത്തുന്നു. തന്റെ കുട്ടിക്ക് മികച്ച വിദ്യഭ്യാസം ഉറപ്പുവരുത്താൻ ഓരോ രക്ഷിതാവും വളരെ ശ്രദ്ധാലുക്കളാണ്. അതുകൊണ്ടു തന്നെ പഠനരീതിയിലുള്ള മാറ്റങ്ങൾ അവർ ഉൾക്കൊണ്ടുകൊണ്ട് സ്കൂളിനൊപ്പം ഒറ്റക്കെട്ടായി നിലകൊള്ളുന്നു. ഇതെല്ലാമാണെങ്കിലും കാലത്തിനൊത്ത് കോലം മാറേണ്ടതുണ്ട്. വ്യക്തമായി പറഞ്ഞാൽ നമ്മുടെ സ്കൂളിൽ ഈ കാലഘട്ടത്തിന്റേതായ സൗകര്യങ്ങൾ കുറവാണ്.

ICT സാധ്യതകൾ ഒരു പരിധിവരെ പാരംഗത്ത് വിനിയോഗിക്കാൻ ഞങ്ങൾക്കു കഴിയുന്നുണ്ട്. പൂർണമായും വിനിയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. നാലു ചുവരുകളിൽ മാത്രം ഒതുങ്ങിയ പഴയകാല പഠനരീതികളല്ല മറിച്ച് പുതിയലോകത്തേക്ക് കുതിച്ചുയരാൻ പര്യാപ്തമാക്കുക എന്നതാണ് പുതിയ വിദ്യാഭ്യാസ കാഴ്ചപ്പാട്. വിദ്യാഭ്യാസത്തിന്റെ പുരോഗതിയാണ് ഒരു നാടിന്റെ പുരോഗതിയെന്ന ലക്ഷ്യം മനസ്സിൽ ഉൾക്കൊണ്ട് വിവേകമുള്ള നവതലമുറയെ വാർത്തെടുക്കാൻ നമ്മുടെ സ്കൂളിനു കഴിയട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു....

# പിന്നിട്ട വഴികളിലൂടെ

ഓരോദേശത്തിന്റെയും കലാ സാംസ്കാരിക സാമൂഹിക മുന്നേറ്റങ്ങളിൽ വിദ്യഭ്യാസത്തിന്റെ അതുല്യമായ പങ്ക് ചരിത്രതാളുകളിൽ ചെയ്തിട്ടുള്ളതാണ് അത്രയേറെ പ്രാധാന്യം വിദ്യാഭ്യാസത്തിന് അന്നും ഇന്നും എന്നുമുണ്ട്.

പ്രകൃതി സൗന്ദര്യത്തിന്റെ ഉദാത്തമാതൃകയായ ഊരകം മലയും വയലേലകളും കടലുണ്ടിപുഴയുടെസാമീപ്യവുംകുറ്റാളൂർ എന്നു കൊച്ചു ഗ്രാമത്തിന്റെ സൗന്ദര്യത്തെയും ഒപ്പം നാട്ടുകാരു നന്മമനസ്സുകളിലേക്കും ഒരു കുളിർ തെന്നലായി വീശികൊണ്ടേയിരിക്കുന്നു.

ഒരു അക്ഷരവെളിച്ചാലും എത്തിനോക്കാത്ത ഈ ദേശത്തെ അക്ഷരാമൃതം വിളമ്പി അറിവിന്റെ ലോകത്തിലേക്ക് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്താൻ എ.എം.എൽ.പി സ്കൂൾ മാനേജ്മെന്റ് അധികൃതർ നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്.

ഒരു പള്ളിക്കൂടമായി ആരംഭിച്ച് 1931 കാലഘട്ടത്തിൽ സ്കൂളായി രൂപം കൊണ്ട ഈസ്ഥാവനം ഒരുനാടിന്റെ മുഴുവൻ വെളിച്ചമായി മാറുകയായിരുന്നു. വിദ്യഭ്യാസത്തിന്ന് ഒട്ടും പ്രാധാന്യം നൽകാത്ത ഒരു സമൂഹത്തെ അതിലേക്ക് കൈ പിടിച്ചുയർത്താൻ കെ പി ഖാദർ കുട്ടിഹാജി കണ്ടുപുയക്കൽ (മാനേജർ) എന്ന മഹാരഥന്റെ ചേവർത്തനങ്ങൾ എന്നും ഒളിമങ്ങാതെ നിൽക്കുന്നു. ഒപ്പം അതിന് സഹായകമായി നിന്ന് മൺമറഞ്ഞുപോയ അധ്യാപക പ്രതിഭകൾ, കൂട്ടൻ മാഷ്,  യൂസഫ് ഹാജി, കെ.സി മാസ്റ്റർ ഇവരുടെ പ്രവർത്തനങ്ങളും ഒരിക്കലും വിലകുറച്ച് കാണാൻ പട്ടില്ല.

എ.എം.എൽ.പി സ്കൂൾ കുറ്റാളൂർ ഒരു പക്ഷേ ഉയർത്തികൊണ്ടു വന്നത് വിദ്യാഭ്യാസമൊന്നുമില്ലാത്ത ഇരുളടഞ്ഞു പോകുമായിരുന്ന ഒരുപാട് വ്യക്തിത്വങ്ങളെ ആയിരുന്നു. ഒന്ന് കൂടെ പറഞ്ഞാൽ ഒരുഗ്രാമത്തിന്റെ വെളിച്ചമായിട്ടാണ് സകൂൾ അന്നും ഇന്നും നിലനിൽക്കുന്നത്.

എകദേശം 94 വർഷങ്ങൾ ഒരു നാടിന്റെ സാമൂഹ്യ സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ ഉയരാൻ എല്ലാറ്റിനും ഉപരി അറിവിന്റെ

അക്ഷര വെട്ടം നന്മമനസ്സുകളിൽ അമൃതമായി ഊട്ടാനും സ്കൂൾ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്നും പ്രചോദനമാണ്.

ഇനിയും ഒരുപാട് കാര്യങ്ങൾ അറിവിന്റെ ലോകത്ത് നാടിനായി നാട്ടുകാർക്കായി ചെയ്യാൻ സ്കൂൾ മാനേജ്മെന്റ് അധികൃതരും അധ്യാപകരും പ്രതിജ്ഞാബദ്ധരാണ്.

ആതുരസേവന രംഗങ്ങളിലും അധ്യാപനരംഗത്തും മെക്കാനിക്ക് ജ്യൂഡീഷ്ഠി വിഭാഗത്തും രാഷ്ട്രീയത്തിലും എന്നു വേണ്ട സമൂഹത്തിന്റെ വിവിധ മേഖലകളിൽ (ആതുരസേവനം അധ്യാവനം, രാഷ്ട്രീയം, നിത്യന്യായം, നിർമ്മാണം വ്യവസായം, ഐ.ടി എൻജിനിയറിംഗ് .....) എന്തിനേറെ സമസ്തമേഖലകളിലും അവരവരുടെ വ്യക്തിമുദ്രപതിപ്പിച്ച് മുന്നേറുമ്പോൾ ഈ വിദ്യാലയത്തിന്റെ പൂർവ്വ വിദ്യാർത്ഥികൾ ആണെന്നകാര്യത്തിൽ അഭിമാനമുണ്ട്

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ.എം.എൽ.പി സ്കൂൾ, കുറ്റാളൂർ |
| വിലാസം | : ഒ.കെ മുറി പി.ഒ, മലപ്പുറം ജില്ല |
| ഫോൺ | : 9400532449 |
| സ്കൂൾ കോഡ് | : 19825 |
| വിദ്യഭ്യാസ ഉപ ജില്ല | : വേങ്ങര |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| റവന്യ ജില്ല | : മലപ്പുറം |
| ബി. ആർ. സി | : വേങ്ങര |
| സി. ആർ. സി | : ഊരകം |
| ഗ്രാമ പഞ്ചായത്ത് | : ഊരകം |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭാ മണ്ഡലം | : വേങ്ങര. |
| ലോകസഭാ മണ്ഡലം | : മലപ്പുറം |
| താലൂക്ക് | : തിരുരങ്ങാടി |
| വില്ലേജ് | : ഊരകം |
| ഇ.മെയിൽ | : amlpskuttaloor@gmail.com |

# നിലവിലുള്ള അവസ്ഥാവിശകലനം

## 2025-26 വർഷത്തെ കുട്ടികളുടെ എണ്ണം

## PRIMARY

| Class | Boys | Girls | Total |
|---|---|---|---|
| I | 16 | 21 | 37 |
| II | 20 | 13 | 33 |
| III | 11 | 23 | 34 |
| IV | 9 | 13 | 22 |
| Total | 56 | 70 | 126 |

## PRE PRIMARY

| Class | Boys | Girls | Total |
|---|---|---|---|
| LKG | 18 | 12 | 30 |
| UKG | 21 | 19 | 40 |
| Total | 39 | 31 | 70 |

## വിദ്യാലയം മികവിന്റെ കേന്ദ്രം: കാഴ്ചപ്പാട്

1. അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ കുട്ടികൾ താൽപര്യത്തോടെ പങ്കാളികളാകുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.
2. വിദ്യാലയം സമൂഹത്തിന്റേതാണ് എന്ന കാഴ്ചപ്പാട് സമൂഹത്തിൽ ഉറപ്പിക്കുക.
3. മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിന് വിദ്യാഭ്യാസംകൊണ്ട് സാധിക്കുന്ന സാഹചര്യം ഉറപ്പാക്കൽ.
4. ഓരോ ക്ലാസിലെയും പഠനകാലം അവസാനിക്കുമ്പോൾ അതാത് ക്ലാസിൽ ആർജ്ജിക്കേണ്ട ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
5. ഓരോ ക്ലാസിലേയും പിന്നാക്കക്കാരായ കുട്ടികൾക്ക് എഴുതാനും വായിക്കാനും സാധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
6. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ അക്കാദമിക നിലവാരം മികച്ചതാക്കുക.

# പി.ടി.എ കമ്മറ്റി

പ്രസിഡന്റ് : ഇ സുബ്രഹ്മണ്യൻ

വൈസ് പ്രസിഡന്റ് : രമ്യ മനോജ്

സെക്രട്ടറി : ഹെഡ്മാസ്റ്റർ

അംഗങ്ങൾ : 13

# എം.ടി.എ കമ്മറ്റി

പ്രസിഡന്റ് : ഹലീമ

വൈസ് പ്രസിഡന്റ് : രാധാമണി

# അധ്യപകർ

പ്രധാന അധ്യാപിക : ഡാലി ജോരജ്

അധ്യാപകർ : റഹ്യാനാബി കെ.വി

: രഘു എസ്

: ചിത്ര എം

: സ്മിത കെ

: നാസിഹ പി

: ഫൈസൽ കെ

: ഫാത്തിമ അൻഷി യു.കെ

പ്രി പ്രൈമറി അധ്യാപകർ : ജമീല

: സൗധ ഇറൈസൻ

: റഹ്യാനത്ത്

: മുഹ്സിന

# കാഴ്ച്ചപ്പാട്

പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറെ വർദ്ധിച്ച കാലഘട്ടത്തിലൂടെയാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഓരോ പ്രദേശത്തെയും സമസ്ത മേഖലയിലുമുള്ള പഠിതാക്കളെയും ഉൾക്കൊള്ളുന്നതിനും മതനിരപേക്ഷതയും മാനവികതയും ഉയർത്തിപ്പിടിക്കുന്നതിനും പൊതുവിദ്യാലയങ്ങൾക്കേ കഴിയൂ എന്ന് നമുക്കറിയാം. അതിനാൽ പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിന് പൊതുസമൂഹം മുന്നിട്ടിറങ്ങേണ്ടതുണ്ട്. നമ്മുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുകയും വേണം.

അക്കാദമിക മികവിലൂടെ മാത്രമേ വിദ്യാലയത്തെ മികവിലേക്കുയർത്താനാവൂ. കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് വരുംതലമുറയെ പ്രാപ്തരാക്കാൻ അക്കാദമികമായ ഉന്നതി കൈവരിക്കേണ്ടതുണ്ട്.

സ്കൂളിന്റെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന കുറേ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയാണ് ഈ മാസ്റ്റർ പ്ലാൻ വഴി ചെയ്തിട്ടുള്ളത്. യഥാസമയങ്ങളിൽ ഇവ നടപ്പാക്കുകയും പ്രയാസങ്ങൾക്ക് അപ്പപ്പോഴുള്ള ഇടപെടലുകളിലൂടെ പരിഹാരം കാണുകയും ചെയ്യുന്നതോടൊപ്പം നിരന്തരമായ വിലയിരുത്തലുകളിലൂടെയും ഇത് പൂർണ്ണതയിലെത്തിക്കുന്നതിന് നമുക്ക് കൈകോർക്കാം.

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

**അക്കാദമികം**

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് ഭാഷാ പഠനം
- ശാസ്ത്ര പഠനം
- കലാ പഠനം
- കായിക പഠനം
- പ്രവർത്തിപരിചയം
- ലൈബ്രറിശാക്തീകരണം
- ജൈവ വൈവിദ്യ പാർക്ക്
- ഐ.ടി പഠനം
- പഠന യാത്ര
- ക്ലാസ് പി ടി എ സജീവമാക്കൽ
- പോഷകാഹാര പരിപാടി
- മൂല്യനിർണയം
- ദിനാചരണം
- പച്ചക്കറിത്തോട്ടം
- പൊതുവിജ്ഞാനം
- പ്ലാസറ്റിക്ക് മുക്ത വിദ്യാലയം
- കലാ കായിക മേള
- ആരോഗ്യ വിദ്യാഭ്യാസം
- സാഹിത്യകാരന്മാരെ പരിചയപ്പെടൽ
- ഫിൽഡ് ട്രിപ്പ്
- അമ്മക്കറിയാം
- ഭിന്നശേഷി സൗഹൃദ വിദ്യാലയം
- ഫുഡ് ഫെസ്റ്റ്
- സൈക്കിൾ പരിശീലനം

**സാമൂഹികം**

- പൂർവ്വ വിദ്യർത്ഥി സംഗമം
- ഭവന സന്ദർശനം
- അംഗനവാടി കലോത്സവം
- മോട്ടിവേഷൻ ക്ലാസ്സ്
- ആരോഗ്യ ക്ലാസ്സ്

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ. | പഠന നില കണ്ടെത്താൻ **Pre- test** നടത്തുക<br>**Pre - test** ലൂടെ പിന്നോക്കക്കാരെ കണ്ടെത്തൽ<br>❖ അക്ഷരം ഉറപ്പിക്കൽ<br>ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>❖ അടയാളം ഉറപ്പിക്കൽ<br>ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.<br>❖ അക്ഷര കാർഡ് നൽകൽ.<br>അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ.<br>❖ വാക്കുകൾ എഴുതിയ കാർഡ്. വാക്കുകളിലൂടെ വാക്യരൂപീകരണം.<br>❖ ചിത്രം നൽകുന്നു.<br>ചിത്രത്തിലൂടെ (ചിത്രം നൽകി) കഥ പറയുന്നു, എഴുതുന്നു. | 1 വർഷം | ചാർട്ട്<br>അക്ഷര കാർഡ്<br>ചിത്ര കാർഡ്<br>ക്ലാസ് ലൈബ്രറി | SRG<br>SSG<br>DIET<br>BRC<br>PTA<br>BRC<br>PTA<br>SSG |

| | | | | | |
|---|---|---|---|---|---|
| | | ❖ കഥാ പുസ്തക വിതരണം.<br>ചെറുകഥകളുടെ പുസ്തകം വിതരണം ചെയ്യുന്നു.<br>വായനയ്ക്ക് അവസരം നൽകുന്നു.<br><br>❖ Projector യിൽ ഒരു ചിത്രം നൽകി വാക്യ ങ്ങൾ നിർമിക്കുന്നു. അല്ലെങ്കിൽ ചിത്ര രചന നടത്തുന്നു.<br><br>❖ Work book പ്രവർത്തനം<br>പ്രത്യേകമായി തയ്യാറാക്കിയ Work book വിതരണം ചെയ്ത് പഠന പുരോഗതി വിലയിരുത്തുന്നു.<br><br>പൊതു ചടങ്ങ്, അസംബ്ലി എന്നിവയിൽ വച്ച് സമ്മാനങ്ങൾ നൽകുന്നു.<br>പിന്നോക്കക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകൽ.<br>സ്കൂൾ അസംബ്ലിയിൽ പാട്ട്, കഥ, പ്രാർത്ഥന, ദേശീയഗാനം, എന്നിവയ്ക്ക് അവസരം.<br>ചുമർ പത്രം, മാസിക എന്നിവ നിർമിക്കാൽ.<br>പ്രത്യേക ക്ലാസ്.<br>മോട്ടിവേഷൻ ക്ലാസ്. | | സ്കൂൾ ലൈബ്രറി<br><br>എൽ.സി.ഡി | പഞ്ചായത്ത്<br><br>BRC<br><br>IED Trainer<br><br>BRC |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ❖ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു.<br>❖ വായനാമൂല<br>കുട്ടികളുടെ സഹായത്തോടെ ക്ലാസിൽ വായനാമൂല സംഘടിപ്പിക്കുക.<br>❖ ക്ലാസ് ലൈബ്രറി<br>ക്ലാസ് ലൈബ്രറിയിലേക്ക് വേണ്ട പുസ്തകങ്ങൾ ശേഖരിക്കുന്നു. ഒരോ ക്ലാസിനും ഒരോ അലമാര വീതം നൽകുന്നു.<br>❖ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സ്കൂൾ ലൈബ്രറിയിലേക്ക് PTA യിൽ നിന്നും പുസ്തക ശേഖരണം ക്ലബ്ബുകളിൽ നിന്നും പുസ്തകം ശേഖരിക്കൽ.<br>❖ പത്ര വായന<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പ്രത്യേക ക്വിസ്, വാർത്ത തയ്യാറാക്കൽ, പൊതു വിജ്ഞാനം നേടൽ, സ്കൂൾ ക്ലാസ്സ് വാർത്തകൾ ചേർത്ത് പത്രം തയ്യാറാക്കുന്നു. | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ | BRC<br>PTA<br>PTA CLUB |

| | | | | | |
|---|---|---|---|---|---|
| | | ❖ വീട് ഒരു പുസ്തകകൂട് വീട്ടിൽ ഒരു ലൈബ്രറി<br><br>അമ്മമാർക്ക് പുസ്തകവായനയ്ക്ക് അവസരം നൽകുന്നു. കുട്ടികളുടെ കൈകളിലൂടെ പുസ്തകം അമ്മാമാരിലെത്തുന്നു. കുറിപ്പ് തയ്യാറാക്കുന്നു, മികച്ചത് തെരെഞ്ഞെടുക്കുന്നു, പ്രോത്സാഹനം നൽകുന്നു.<br>❖ വായനാനുഭവം പങ്കുവെക്കൽച്ച്<br>❖ കുട്ടികൾക്ക് നൽകിയ ലൈബ്രറി വായിച്ച് അതിനെ കുറിച്ച് review നടത്തുന്നു. video യിലൂടെ പങ്കുവെക്കുന്നു.<br><br>❖ വായനാ കുറിപ്പ്<br><br>വായിച്ച പുസ്തകങ്ങളുടെ ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു.<br><br>❖ ബാലസഭ<br><br>പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കഥ, കവിത, സംഭാഷണം, നാടകം, നാടൻപാട്ട് എന്നിവ അവതരിപ്പിക്കൽ.<br>ദിനാചരണങ്ങൾ<br>ദിനാചരണങ്ങളുമായി കുറിപ്പ് തയ്യാറാക്കൽ, ബന്ധപ്പെട്ട പതിപ്പ് നിർമാണം, ക്വിസ്, റാലി, പോസ്റ്റർ നിർമാണം. | | School Auditorium | PTA<br><br>PTA<br>Teachers<br><br>PTA<br>S.S.G |

| | | | | | |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം). | **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.**<br>★ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ. വായനയ്ക്ക് അവസരം നൽകൽ.<br>വായന സാമഗ്രികൾ വികസിപ്പിക്കൽ.<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ,<br>★ പത്ര കട്ടിങ്ങുകൾ, കുറിപ്പുകൾ, പഴയ പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കൽ. ചിത്ര കഥകൾ, കഥാ ചാർട്ട് എന്നിവ ലഭ്യമാക്കൽ<br>★ ക്ലാസ് ലൈബ്രറി, വായനാമൂല.<br>★ വായനാ കുറിപ്പ്, പതിപ്പ്.<br>★ സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ് (ഒരാൾ ഒരു ദിവസം ഒരു കുറിപ്പ്) പിന്നീട് കൈമാറുന്നു, വീട്ടിലെ അംഗങ്ങൾക്കും പങ്കെടുക്കാം.<br>★ ഇൻലന്റ് മാഗസിൻ.<br>★ ചുമർ പത്രിക തയ്യാറാക്കൽ. | 6 മാസം | പുസ്തകങ്ങൾ<br>Old Textbooks<br>പത്ര കട്ടിങ്ങുകൾ<br>Books<br>ലൈബ്രറി | PTA<br>SRG<br>BRC<br>DIET |

| | | | | | |
|---|---|---|---|---|---|
| | | * പതിപ്പ് തയ്യാറാക്കൽ.<br>* പഠന പ്രവർത്തനത്തിന്റെ ഭാഗമായി വായനാ കുറിപ്പ് തയ്യാറാക്കൽ.<br>* ആസ്വാദന കുറിപ്പ് തയ്യാറാക്കൽ.<br>* ബാലസഭ (സ്കൂൾ തലം).<br>അതിൽ കുറിപ്പ് അവതരണം.<br>* പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്.<br>* ബാലസഭ (ക്ലാസ് തലം) കുട്ടികൾ തന്നെ നേതൃത്വം നൽകൽ.<br>* വ്യക്തിഗത രചന.<br>* സംഘ രചന.<br>* സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | | **ഓഡിറ്റോറിയം**<br>ഫോട്ടോകളും പുസ്തകങ്ങളും | ജനപ്രതിനിധികൾ<br>PTA<br>BRC<br>Teachers |

# ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ★ ലാബൽ പതിപ്പിക്കൽ<br>സ്കൂൾ കോമ്പൗണ്ടിലുള്ള എല്ലാ വസ്തുക്കൾക്കും ഇംഗ്ലീഷ് പേരുകൾ എഴുതി ഒട്ടിക്കൽ.<br>★ ഇംഗ്ലീഷ് ഓഡിയോകളും വീഡിയോകളും പ്രദർശിപ്പിക്കൽ.<br>★ ഇംഗ്ലീഷ് അസംബ്ലി<br>ഓരോ ബുധനാഴ്ച്ചയും ഇംഗ്ലീഷ് അസംബ്ലി നടത്തുക.<br>ഓരോ ക്ലാസുകൾക്കും ചുമതല നൽകുന്നു.<br>കുട്ടികൾ അസംബ്ലി നിയന്ത്രിക്കുന്നു.<br>അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽക്കുന്നു. | 1 മാസം | C D | PTA<br>BRC |
| | | ★ Reading corner.<br>ക്ലാസ് വായനാ മൂലയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കൽ വായിക്കാൻ അവസരം നൽക്കുന്നു. | | English<br>Riddles<br>Stories<br>etc..... | PTA<br>SSC |

| | | | | | |
|---|---|---|---|---|---|
| | | * **One day one word.**<br>ഓരോ ദിവസവും ഓരോ ഇംഗ്ലീഷ് വാക്ക് വീതം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ Notebook (my engilsh word) ൽ എഴുതിയെടുക്കുന്നു. | | | |
| | | * **Word Game.**<br>ആഴ്ചയിൽ ഓരോ Word game നൽകുന്നു. | | Chart | |
| | | * **Wall magazine.**<br>ക്ലാസ് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി Wall megazine തയ്യാറാക്കുന്നു. | | Chart | |
| | | * **Puzzles.**<br>ഓരോ ക്ലാസിലും പദ പ്രശ്നം രൂപീകരിച്ച് Work Sheet തയ്യാറാക്കുന്നു. വിതരണം ചെയ്യുന്നു. | | Work Sheet | |
| | | * **Diary.**<br>ഓരോ ദിവത്തേയും സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിലെഴുതുന്നു. (Simple English) | | | |
| | | * **Communication.**<br>ക്ലാസിലെ Interaction ഇംഗ്ലീഷിൽ ആക്കുക. | | | |

| | | | | | |
|---|---|---|---|---|---|
| | | ആജ്ഞകളും നിർദേശങ്ങളും ഇംഗ്ലീഷിൽ നൽകുക.<br>* English Balasabha<br>English പാഠഭാഗവുമായ ബന്ധപ്പെട്ട Rhymes, story, conversation, Skit etc... അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | Stage | |
| | | * English Fest<br>പൊതുവായ ഒരു തീം കണ്ടെത്തുന്നു. (Eg: Animals, Flowers, Birds etc...)<br>ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങൾക്ക് കിട്ടിയ വ്യവഹാര രൂപങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു.<br>ഉദാ: Skit, Rhymes, Story, Riddlse | | Card Board<br>Chart<br>Colour<br>Mask | PTA<br>Teachers |
| | | വിജയികളെ കണ്ടെത്തുന്നു.<br>സമ്മാനം നൽകുന്നു. | | Stage | PTA |

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാ കാർഡുകൾ, സ്ഥാനവില പോക്കറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• സ്ഥാനവില തിരിച്ചറിഞ്ഞ് അബാക്കസിൽ മുത്തുകൾ ക്രമീകരിക്കുന്നു.<br>• ക്രമീകരിച്ച മുത്തുകൾക്ക് അനുസരിച്ച് സംഖ്യകൾ എഴുതുന്നു, വായിക്കുന്നു. | ജൂൺ മുതൽ | എസ്.ആർ.ജി. അധ്യാപകർ | 2000 |
| | സംഖ്യാകാർഡുകൾ<br>• കാർഡുകൾ ഉപയോഗിച്ച് സംഖ്യാ നിർമാണം, വായന.<br>• ഇടയിലുള്ളത്, മുമ്പിലുള്ളത്, പിന്നിലുള്ളത് ഇവ കണ്ടെത്തൽ<br>• ആരോഹണം, അവരോഹണം ക്രമത്തിൽ കാർഡുകൾ വെക്കൽ, എഴുതൽ<br>സംഖ്യകളെ വ്യാഖ്യാനിക്കൽ | ജൂൺ മുതൽ | എസ്.ആർ.ജി. അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ചതുഷ്ക്രിയകൾ<br>• വസ്തുക്കൾ, സഖ്യാകാർഡുകൾ, പാമ്പും കോണിയും, ഡൈസ് കളി, സംഖ്യാപിരമിഡ്, സംഖ്യാമാല, മാന്ത്രിക ചതുരം, ഐ.ടി. എന്നിവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പി ക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• മാതൃകാ ചോദ്യങ്ങൾ നൽകി വിശ കലന ചോദ്യങ്ങളിലൂടെ പ്രശ്നം നിർധാരണം ചെയ്യാൻ പ്രാപ്തരാ ക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| യുക്തിചിന്ത, മനക്കണക്കുകൾ ഇവയിൽ പ്രാവീണ്യം നേടുന്ന തിന് | പാറ്റേണുകൾ, കുസൃതിക്കണക്കുകൾ<br>• മനക്കണക്കുമായി ബന്ധപ്പെട്ട ധാരാളം മാതൃകകൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ദൂരമളക്കൽ, നീളമളക്കൽ, ഭാരമള ക്കൽ തുടങ്ങിയ പ്രക്രിയാ ശേഷി കൾ വർദ്ധിപ്പിക്കുന്നതിന് | • ക്ലാസ് അന്തരീക്ഷം, വിദ്യാലയാന്ത രീക്ഷം തുടങ്ങിയവയെ ശേഷി കൾക്കനുസരിച്ച് ഉപയോഗപ്പെടു ത്തുന്നു.<br>(സ്കെയിൽ, ടാപ്പ്, ത്രാസ്, അളവു പാത്രങ്ങൾ ഗണിത ലാബിൽ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് | പ്രധാനധ്യാപ കൻ<br>എസ്.ആർ.ജി., പി.ടി.എ. | |

| | | | | |
|---|---|---|---|---|
| സമയം, കലണ്ടർ എന്നിവയെ കൂടുതൽ അറിയുന്നതിന് | • ഐ.ടി. സാധ്യത ഉപയോഗിച്ച് സമയത്തെ ലളിതമായ രീതിയിൽ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• ഗ്രൂപ്പിൽ കലണ്ടർ നൽകി പ്രത്യേകതകൾ കണ്ടെത്തുന്നു. (ചോദ്യങ്ങൾ നൽകി കലണ്ടറിൽ നിന്നും സ്വയം ഉത്തരം കണ്ടെത്തുന്നു) | പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തുന്നു | ക്ലാസ് അധ്യാപകർ | |
| ഗണിതലാബ് രൂപീകരണം | • മുത്ത്, ഈർക്കിൾ, മഞ്ചാടി, ചിത്രങ്ങൾ, സ്കെയിൽ, ടാപ്പ്, ത്രാസ്, അളവു പാത്രങ്ങൾ, ക്ലോക്ക്, രൂപങ്ങൾ, ഗണിത മാസികകൾ, അബാക്കസ്, സ്ഥാനവില പോക്കറ്റ്, സംഖ്യാ കാർഡുകൾ, സ്ട്രോ, ഡൈസ്, വെയിംഗ് മെഷീൻ തുടങ്ങിയവ സജ്ജീകരിച്ച് ഗണിതലാബ് രൂപീകരിക്കുന്നു. | | പ്രധാനധ്യാപകൻ<br>എസ്.ആർ.ജി.,<br>പി.ടി.എ.<br>ബി.ആർ.സി. | 5000 |
| ഗണിതത്തിൽ താൽപര്യം വളർത്തൽ | ഗണിതച്ചെപ്പ്<br>• കുട്ടികൾക്ക് ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകൽ. ഉത്തരങ്ങൾ കണ്ടെത്തി ബോക്സിൽ നിക്ഷേപിക്കുന്നു. വിജയിയെ കണ്ടെത്തുന്നു | ജൂൺ മുതൽ | എസ്.ആർ.ജി. | |

# അറബിക്

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അറബിക് മധുരം<br>അറബിക്ക ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മിടുക്കരാക്കൾ | അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം പ്രത്യേകം തയ്യാറാക്കിയ മെഡ്യൂൾ ഉപയോഗിക്കുന്നു. | മൂന്ന് മാസം | പുസ്തകങ്ങൾ<br>കംബ്യൂട്ടർ | അറബി അധ്യപിക |
| | വായനാലോകം | അറബിക് കഥകൾ<br>ചിത്രകഥകൾ<br>കുട്ടിക്കവിതകൾ<br>അറബിക് ക്വിസ്<br>അറബിക് അസംബ്ലി | ജൂലൈ മുതൽ ജനുവരി | പുസ്തകങ്ങൾ<br>ലൈബ്രറി | അറബിക് കഥാബുക്ക് കുട്ടികൾ സംഭാവന ചെയ്യൽ |
| | ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ, പ്ലക്കാർഡ് നിർമ്മിക്കൽ | ജൂൺ മുതൽ മാർച്ച് | | |
| | അറബിക് ഫെസ്റ്റ് | സ്കൂൾ കലാമേളയിൽ അറബിക് കലോത്സവം<br>ബാലസഭയിൽ ഒരു ദിനം | | | |
| | ലോക അറബി ഭാഷ ദിനം ഡിസംബർ 18 | അറബിക് ഫെസ്റ്റ്<br>ക്വിസ് മത്സരം<br>ഭാഷ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കൽ | ഡിസംബർ 18 | | |
| | കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | കയ്യെത്ത് മാസിക<br>ചുമർപത്രിക | | | |
| | ഡിജിറ്റൽ പരിശീലനം | പാഠഭാഗങ്ങൾ ഐടിസി ഉപയോഗിക്കൽ<br>പരിശീലിപ്പിക്കൽ | പാഠങ്ങൾക്ക് അനുസരച്ച് | | |
| | മത്സരങ്ങൾ | പദനിർമ്മാണം, കവിത ചൊല്ലൽ, മെമ്മറി ടെസ്റ്റ്<br>ആംഗ്യപാട്ട്, പദപയറ്റ്, ഖുർആൻ പാരായണം | ജൂലൈ മുതൽ ഒക്ടോബർ | സമ്മാനങ്ങൾ | പി.ടി.എ |

**മേഖല: അക്കാദമികം**

**ഉപമേഖല: ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല ഉറപ്പാക്കൽ | • പ്രസ്തുത ക്ലാസിലേക്കുള്ള ശാസ്ത്ര പഠനത്തിനു സഹായകമായി ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അധ്യാപകർ | |
| | • തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കുന്നവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കുന്നവ എന്ന രീതിയിൽ തരം തിരിക്കൽ | ജൂലൈ | അധ്യാപകർ എസ്.ആർ.ജി. | |
| | • തയ്യാറാക്കിയ ലിസ്റ്റിനനുസരിച്ചുള്ള സാമഗ്രികൾ വാങ്ങൽ | ജൂലൈ | പ്രധാനാധ്യാപകൻ എസ്.ആർ.ജി. | 1000 |
| | • ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഉപയോഗിച്ച് അലമാര നിർമിക്കൽ | ആഗസ്ത് | പി.ടി.എ. അധ്യാപകർ എസ്.ആർ.ജി. പ്രധാനാധ്യാപകൻ | 10000 |
| | • ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ശേഖരിക്കൽ | | പി.ടി.എ. അധ്യാപകർ പ്രധാനാധ്യാപകർ | 2000 |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട് തീം അനുസരിച്ച് പതിപ്പുകൾ തയ്യാറാക്കൽ, ചിത്രങ്ങളുടെ ശേഖരണം, ആൽബങ്ങൾ തുടങ്ങിയവ തയ്യാറാക്കൽ | | ക്ലാസ് അധ്യാപകർ | |

**ഉപമേഖല: കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾ വളർത്തുന്നതിന് | • നൃത്തം, പാട്ട് എന്നിവയിൽ പരിശീലനം നൽകുന്നു. | ഒരു വർഷം | എസ്.ആർ.ജി. പി.ടി.എ. | 5000 |
| | • കുട്ടികളിൽ കളറിംഗ്, ചിത്രരചന എന്നിവയിൽ കഴിവ് വളർത്തുന്നതിന് കളറിംഗ് മത്സരങ്ങളും ചിത്രരചനാ മത്സരങ്ങളും നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | എസ്.ആർ.ജി. | |

**മേഖല : അക്കാദമികം**

**ഉപമേഖല: ലൈബ്രറി ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലൈബ്രറി ശാക്തീകരണം | • ക്ലാസിന് അനുയോജ്യമായ രീതിയിൽ തരംതിരിക്കൽ<br>• പുസ്തക ശേഖരണം<br>• ജന്മദിനത്തിന് ഒരു കുട്ടി രണ്ട് പുസ്തകം നൽകൽ<br>• പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കൽ | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. പി.ടി.എ. പ്രധാനാധ്യാപകൻ | 10000 |

**ഉപമേഖല: ജൈവ വൈവിധ്യ പാർക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ തൊട്ടറിഞ്ഞ് പഠിക്കാനുള്ള അന്തരീക്ഷം ഒരുക്കുന്നു | • സ്കൂളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ജൈവ വൈവിധ്യ പാർക്ക് നിർമിക്കൽ | ഒരു വർഷം | എസ്.ആർ.ജി., പി.ടി.എ., എസ്.എസ്.ജി., ഒ.എസ്.എ., മാനേജ്മെന്റ് | |

**മേഖല: അക്കാദമികം**

**ഉപമേഖല: കായിക പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമാണ പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടുന്നതിന് | • അതാതു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വരുന്ന നിർമാണ പ്രവർത്തനങ്ങൾ പ്രവൃത്തി പരിചയത്തിന്റെ ഭാഗമായി നടത്തുന്നു. | | അധ്യാപകർ | |
| | • ഒറിഗാമി ശിൽപശാല വർഷത്തിലൊരിക്കൽ ഒറിഗാമി ശിൽപശാല നടത്തുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. | 1000 |

**മേഖല: അക്കാദമികം**

**ഉപമേഖല: ഐ.ടി.പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി. പരിശീലനം കാര്യക്ഷമമാക്കുന്നതിന് | • അതാത് ക്ലാസധ്യാപകർ ആഴ്ചയിൽ ഒരു പീരീയഡ് ഐ.ടി. ക്ലാസ് നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അധ്യാപകർ | |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐ.ടി. യിലൂടെ ലളിതവും രസകരവും ആക്കുന്നു | | ക്ലാസ് അധ്യാപകർ | |

**ഉപമേഖല: പഠനയാത്ര**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേരനുഭവത്തിലൂടെ കാര്യങ്ങൾ അറിയുന്നതിന് | • ചരിത്ര-ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. | വർഷത്തിലൊരിക്കൽ | അധ്യാപകർ | |
| | എല്ലാ കുട്ടികളും (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും) പഠനയാത്രയിൽ പങ്കെടുപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി., പി.ടി.എ., എസ്.എസ്. ജി | |

**മേഖല: അക്കാദമികം**

**ഉപമേഖല: സി.പി..ടി.എ. സജീവമാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിന്റെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് | • യൂണിറ്റ് ടെസ്റ്റുകൾക്ക് ശേഷം പി.ടി.എ. വിളിച്ച് കുട്ടികളുടെ അക്കാദമിക പരമായ നേട്ടങ്ങളും പരിമിതികളും ചർച്ച ചെയ്യുന്നു. | മാസത്തിലൊരിക്കൽ | എസ്.ആർ.ജി. | |

**മേഖല: അക്കാദമികം**

**ഉപമേഖല: പോഷകാഹാര പരിപാടി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യം നിലനിർത്തുന്നതിന് | • ആഴ്ചയിൽ ഓരോ ദിവസവും പോഷക സമൃദ്ധമായ വ്യത്യസ്ത വിഭവങ്ങൾ നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണച്ചുമതലയുള്ള അധ്യാപിക പ്രധാനാധ്യാപകൻ പി.ടി.എ. | സർക്കാർ ഫണ്ട് |

**മേഖല: അക്കാദമികം**

**ഉപമേഖല: മൂല്യനിർണയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ ടേമിലും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിന് | **ടേം മൂല്യനിർണയം**<br>• ടേം മൂല്യനിർണയത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഏത് മേഖലയിലാണോ പിന്നാക്കം നിൽക്കുന്നത് അതിൽ പരിശീലനം നൽകുന്നു. | ടേം പരീക്ഷക്കുശേഷം | ക്ലാസ് അധ്യാപകർ | |
| | **നിരന്തര മൂല്യനിർണയം**<br>• ഓരോ യൂണിറ്റനുശേഷവും നിരന്തര മൂല്യനിർണയം നടത്തി കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | യൂണിറ്റ് ടെസ്റ്റിനോടനുബന്ധിച്ച് | ക്ലാസ് അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറിവ് വർദ്ധിപ്പിക്കുന്നതിന് | • ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യുന്നു. അതാത് ദിവസങ്ങളിൽ നടത്തുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | |

**മേഖല: അക്കാദമിക**

**ഉപമേഖല: പച്ചക്കറിത്തോട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പോഷകാഹാര പരിപാടിയിലേക്ക് വിഷരഹിതമായ പച്ചക്കറികൾ ലഭിക്കുന്നതിന് | • വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | ഒരു വർഷം | പി.ടി.എ<br>എസ്.ആർ.ജി.<br>പ്രധാനാധ്യാപകൻ | 5000 |

**മേഖല: അക്കാദമികം**

**ഉപമേഖല: പൊതുവിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം ഉണ്ടാക്കുന്നതിന് | • ആഴ്ചയിൽ 5 ചോദ്യങ്ങൾ നൽകുന്നു. അവയ്ക്കുള്ള ഉത്തരങ്ങൾ കണ്ടെത്തുന്നു. ശരിയുത്തരങ്ങൾ എഴുതിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു. സമ്മാനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി. | |
| | ക്വിസ് മത്സരം<br>• മാസത്തിലൊരിക്കൽ ക്വിസ് മത്സരം നടത്തുന്നു | മാസത്തിലൊരിക്കൽ | എസ്.ആർ.ജി. ക്ലാസ് അധ്യാപകർ | |

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരെ പരിചയപ്പെടുന്നതിന് | • പാഠഭാഗവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സാഹിത്യകാരന്മാരെക്കുറിച്ച് അസംബ്ലിയിലും ക്ലാസിലും പരിചയപ്പെടുത്തുന്നു. (ഐ.ടി., പാഠപുസ്തകം, ചിത്രം) | സന്ദർഭാനുസരണം | എസ്.ആർ.ജി., ക്ലാസ് അധ്യാപകർ | |

മേഖല: അക്കാദമികം

ഉപമേഖല: പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ലാസ്റ്റിക് രഹിത വിദ്യാലയമായി മാറ്റൽ | • പ്ലാസ്റ്റിക് വാട്ടർ ബോട്ടിൽ, പാത്രങ്ങൾ, ഡിസ്പോസിബിൾ ഗ്ലാസുകൾ എന്നിവയെല്ലാം ഒഴിവാക്കി വിദ്യാലയത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നു. | തുടർപ്രവർത്തനം | എസ്.ആർ.ജി., പി.ടി.എ. | |

മേഖല: അക്കാദമികം

ഉപമേഖല: കലാ കായിക മേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് | കലാമേള<br>• കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വർഷാവസാനം സ്കൂൾ വാർഷികം നടത്തുന്നു.<br>കായിക മേള<br>• സ്കൂൾ കായികമേള നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. | വർഷത്തിലൊരിക്കൽ | പി.ടി.എ.<br>എസ്.ആർ.ജി.<br>പ്രധാനാധ്യാപകൻ<br>എസ്.എസ്.ജി. | 30,000 |

മേഖല: അക്കാദമികം

ഉപമേഖല: ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിന് | • ഹെൽത്ത് ഇൻസ്പെക്ടർ, മറ്റു ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. ഹെൽത്ത് ഡിപ്പാർട്ട്മെന്റ് | |

ഉപമേഖല: കമ്പ്യൂട്ടർ റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി. പഠനം കാര്യക്ഷമമാക്കുന്നതിന് | • ആവശ്യമായ കമ്പ്യൂട്ടറുകളോടുകൂടിയ ഒരു മുറി സജ്ജമാക്കൽ | 2018-19 | സർക്കാർ | 2,50,000 |

മേഖല: ഭൗതികം

ഉപമേഖല: മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും ശുചിയാക്കുന്നതിനും ആരോഗ്യകരമാക്കുന്നതിനും | **ജൈവ മാലിന്യങ്ങൾ**<br>• ജൈവമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നു.<br>**അജൈവ മാലിന്യങ്ങൾ**<br>• അജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ സ്കൂളിൽ ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നു. | ഒരു വർഷം | എസ്.ആർ.ജി.<br>പി.ടി.എ.<br>മാനേജ്മെന്റ് | |

**മേഖല: സാമൂഹികം**

**ഉപമേഖല: പൂർവവിദ്യാർത്ഥി സംഘം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനും പൂർവവിദ്യാർത്ഥികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നു | • സ്കൂൾ വാർഷികം, പഠനയാത്ര, പ്രവേശനോത്സവം, ദിനാചരണങ്ങൾ ആഘോഷങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ പൂർവ വിദ്യാർത്ഥികൾക്ക് ചുമതലകൾ നൽകുന്നു.<br>**പൂർവവിദ്യാർത്ഥി**<br>• സ്കൂളിൽ ബാച്ച് അടിസ്ഥാനത്തിൽ പൂർവ വിദ്യാർത്ഥി സംഗമം നടത്തുന്നു. സ്കൂളിന് ആവശ്യമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. | 2018–19 | പി.ടി.എ.<br>എസ്.ആർ.ജി.<br>എസ്.എസ്.ജി. | |

**മേഖല: സാമൂഹികം**

**ഉപമേഖല: ഭവന സന്ദർശനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് | • സ്കൂൾ പ്രദേശത്തെ വീടുകൾ സന്ദർശിക്കുകയും, പൊതുവിദ്യാലയത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. | വർഷത്തിലൊരിക്കൽ | പി.ടി.എ.<br>എസ്.ആർ.ജി. | |

മേഖല: സാമൂഹികം

ഉപമേഖല: അംഗൻവാടി കലോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അംഗൻവാടി വിദ്യാർത്ഥികളെ പൊതുവിദ്യാലയത്തിലേക്ക് ആകർഷിക്കാൻ | • വിദ്യാലയത്തിന്റെ പരിസരത്തുള്ള അംഗൻവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. പി.ടി.എ. | |

# പ്രതീക്ഷിത നേട്ടങ്ങൾ

ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. *സ്കൂൾ സമൂഹത്തിന്റേത്* എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു. മത നിരപേക്ഷ സമൂഹത്തെ നില നിർത്താൻ കഴിയുന്നു.

## ഉപസംഹാരം

ഓരോ കുട്ടിയുടെയും സർവ്വതോമുഖമായ വികസനം.... ആധുക വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടിനെ സാധൂകരിക്കതക്ക രീതിയിൽ വേണം നമ്മുടെ പ്രവർത്തനങ്ങൾ. മികച്ച ആസൂത്രണവും ദീർഘ വീക്ഷണവും ഏതൊരു പ്രവർത്തനത്തിന്റെയും വിജയത്തെ ആശ്രയിച്ചിരിക്കുന്നു. അർപ്പണ ബോധവും ത്യാഗ മനോഭാവവും ഉള്ള മികച്ച അധ്യാപക കൂട്ടായ്മ.... ഒപ്പം സഹായ ഹസ്തവുമായി മികവുറ്റ രക്ഷാകർതൃ സംഘടനയും....

നാളിതുവരെ നേടിയ വിജയത്തിന് പിന്നിൽ ഈ ശക്തി തന്നെ.

ഓരോ പ്രവർത്തനത്തിന്റെയും പൂർണ്ണത.... അതിലേക്കുള്ള യാത്രയിലാണ് ഞങ്ങൾ....

പിന്തുണച്ചവർക്കെല്ലാം.....

ഹൃദയത്തിൽ തൊട്ട ഭാവുകങ്ങൾ